# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1673 — 03/05/2017-ൽ മറുപടിക്ക്

### മഞ്ഞപ്പിത്തം തടയുന്നതിന് നടപടി

**ചോദ്യം**

**ശ്രീ.ആന്റണി ജോൺ**

**മറുപടി**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

എ) കോതമംഗലം മണ്ഡലത്തിലെ നെല്ലിക്കുഴി പഞ്ചായത്തിൽ മഞ്ഞപ്പിത്ത രോഗം പടർന്നു പിടിക്കുകയും 5 പേർ മരണപ്പെടുകയും ചെയ്തിരുന്നു. ഇവിടെ മഞ്ഞപ്പിത്ത രോഗം പടർന്നു പിടിക്കുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ;

എ) കോതമംഗലം മണ്ഡലത്തിലെ നെല്ലിക്കുഴി പഞ്ചായത്തിൽ മഞ്ഞപ്പിത്ത രോഗം പൊട്ടിപ്പുറപ്പെട്ട വിവരം അറിഞ്ഞ അന്നുതന്നെ ജില്ലാ മെഡിക്കൽ ആഫീസിൽ അടിയന്തര യോഗം കൂടി നിയന്ത്രണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ പ്രാഥമികാരോഗ്യ-കേന്ദ്രത്തിന് നിർദ്ദേശം നൽകി. രോഗലക്ഷണങ്ങൾ ഉള്ളവരെ കണ്ടെത്തുന്നതിനായി വീട് വീടാന്തരം കയറുകയും തിളപ്പിച്ചാറിയ വെള്ളം മാത്രം കുടിക്കണമെന്നും ഭക്ഷണത്തിന് മുൻപും കക്കൂസിൽ പോയതിന് ശേഷവും കൈകൾ സോപ്പുപയോഗിച്ച് നല്ലതു-പോലെ കഴുകണമെന്നുമുള്ള നിർദ്ദേശങ്ങൾ പറഞ്ഞ് ബോധ്യപ്പെടുത്തി-യിട്ടുള്ളതുമാണ്. ഹോട്ടലുകൾ, കൂൾബാറു-കൾ, മറ്റ് ഭക്ഷണശാലകൾ എന്നിവ പരിശോധിച്ച് പബ്ലിക്ക് ഹെൽത്ത് ആക്റ്റ് പ്രകാരം നടപടികൾ സ്വീകരിച്ചു.

ടി പഞ്ചായത്തിലെ എല്ലാ കിണറുകളും ആരോഗ്യപ്രവർത്തകരുടെയും ആശ, അംഗൻവാടി പ്രവർത്തകരുടെയും സഹായത്തോടെ ക്ലോറിനേഷൻ 3 തവണകളിലായി ചെയ്തു. പഞ്ചായത്ത് പ്രദേശത്ത് നാല് റൗണ്ട് മൈക്ക് അനൗൺസ്മെന്റ്, നോട്ടീസ് വിതരണം എന്നിവ നടത്തി. പ്രദേശത്തെ എല്ലാ സർക്കാർ/സ്വകാര്യ മെഡിക്കൽ കോളേജുകൾ, ആശുപത്രികൾ, ക്ലിനിക്കുകൾ, ലാബുകൾ, ആയുർവ്വേദ/ ഹോമിയോ ആശുപത്രികൾ എന്നിവർക്ക് മഞ്ഞപ്പിത്തം കേസുകൾ വന്നാൽ ഉടനെ

➡

റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നൽകി. ജലജന്യ രോഗങ്ങളെ സംബന്ധിച്ച് പ്രധാന പത്രങ്ങളിൽ ജാഗ്രത നിർദ്ദേശം നൽകി.

പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി പ്രദേശത്തേയ്ക്ക് ഒരു മെഡിക്കൽ ആഫീസർ, ഒരു ഹെൽത്ത് ഇൻസ്പെക്ടർ, ഒരു സ്റ്റാഫ് നേഴ്സ്, 38 ജൂനിയർ പബ്ലിക്ക് ഹെൽത്ത് ഇൻസ്പെക്ടർമാർ എന്നിവരെ താല്ക്കാലികമായി നിയമിച്ചു. ഈ പ്രദേശങ്ങളിൽ മഞ്ഞപ്പിത്തബാധ കണ്ടെത്തുന്നതിന്റെ ഭാഗമായി മൂവാറ്റുപുഴ ജനറൽ ആശുപത്രി, പെരുമ്പാവൂർ, കോതമംഗലം താലൂക്ക് ആശുപത്രികളിൽ മഞ്ഞപ്പിത്ത ക്ലിനിക്കുകൾ ആരംഭിച്ച് 401 പേരുടെ രക്തം പരിശോധിച്ച് 22 പേർക്ക് ആവശ്യമായ ചികിത്സ നൽകി.

ആരോഗ്യവകുപ്പ് മന്ത്രി ഈ സ്ഥലം സന്ദർശിക്കുകയും മന്ത്രിയുടെ നിർദ്ദേശപ്രകാരം കോതമംഗലം താലൂക്ക് ആശുപത്രി, മൂവാറ്റുപുഴ ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ 24 മണിക്കൂർ ലാബ് സൗകര്യം, കോതമംഗലം താലൂക്ക് ആശുപത്രിയിൽ 24 മണിക്കൂർ പ്രവർത്തിക്കുന്ന സെൽ, മൂവാറ്റുപുഴ ആർ.ഡി.ഒ, ഭക്ഷ്യസുരക്ഷാ ആഫീസർ, ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I, പഞ്ചായത്ത് സെക്രട്ടറി എന്നിവർ ഉൾപ്പെടെ ഒരു സ്ക്വാഡ് രൂപീകരിച്ച് ഹോട്ടലുകൾ പരിശോധിക്കുകയും 16 ഹോട്ടലുകൾ അടച്ചുപൂട്ടുകയും ചെയ്തു.

ആരോഗ്യവകുപ്പിന്റെ നിർദ്ദേശപ്രകാരം മണിപ്പാൽ യൂണിവേഴ്സിറ്റിയിൽ നിന്നും ഒൻപതംഗ പ്രത്യേക സംഘം പകർച്ചവ്യാധി സംബന്ധിച്ച് വിശദമായി പഠനം നടത്താൻ ജില്ല സന്ദർശിക്കുകയും ചെയ്തു. ജില്ലാ മെഡിക്കൽ ആഫീസറുടെ അഭ്യർത്ഥന പ്രകാരം പൂന വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും മറ്റൊരു വിദഗ്ധ ടീം വന്ന് അന്വേഷണം നടത്തുകയും ചെയ്തു. രണ്ടാം ഘട്ട സൂപ്പർ ക്ലോറിനേഷൻ/ ബോധവൽക്കരണത്തിന്റെ ഭാഗമായി നോട്ടീസ് വിതരണം, പോസ്റ്റർ പതിക്കൽ, ബാനർ, ബോർഡ് എന്നിവ സ്ഥാപിക്കലും

➡

നടത്തി. പകർച്ചവ്യാധി പൊട്ടിപ്പുറപ്പെട്ടത് മുതൽ വിവിധ ഘട്ടങ്ങളിൽ നെല്ലിക്കുഴി പഞ്ചായത്ത് ഭരണസമിതി, ജില്ലാ കളക്ടർ, എം.എൽ.എ, ആരോഗ്യവകുപ്പ് ഡയറക്ടർ, ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (പി.എച്ച്) എന്നിവർ ജില്ലയിൽ ചെന്ന് സ്ഥിതിഗതികൾ വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ഉണ്ടായി. ജില്ലാ മെഡിക്കൽ ആഫീസറും, ജില്ലാ ആശുപത്രിയിലെ മുതിർന്ന ഉദ്യോഗസ്ഥർ എല്ലാവരും തന്നെ പ്രദേശത്തുതന്നെ ഉണ്ടായിരിക്കുകയും പ്രതിരോധ പ്രവർത്തനങ്ങൾ നേരിട്ട് മേൽനോട്ടം വഹിക്കുകയും ചെയ്തു.

ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് എൻ.എച്ച്.എം-ൽ നിന്നും രണ്ട് ലക്ഷം രൂപ അനുവദിക്കുകയും എല്ലാ പ്രതിരോധ പ്രവർത്തനങ്ങളിലും സജീവ പങ്കാളി-യാകുകയും ചെയ്തു. തദ്ദേശസ്വയംഭരണ വകുപ്പ്, മറ്റു വകുപ്പുകൾ എന്നിവയുടെ സഹകരണത്തോടെയും പങ്കാളിത്ത-ത്തോടെയും ആരോഗ്യ വകുപ്പിന്റെ പ്രാദേശിക, ജില്ലാ, സംസ്ഥാന ഘടകങ്ങൾ അതീവ ജാഗ്രതയോടെ നടത്തിയ പ്രവർത്തനത്തിന്റെ ഫലമായി പകർച്ചവ്യാധികൾ കൂടുതൽ ആളുകളിലേയ്ക്കും, കൂടുതൽ പഞ്ചായത്തു-കളിലേയ്ക്കും വ്യാപിച്ച് കൂടുതൽ ഔട്ട്ബ്രേക്ക് ഉണ്ടാകുന്നത് തടയുവാൻ സാധിച്ചു.

**ബി)** ഇതിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നുണ്ടോ; വിശദമാക്കാമോ?

**ബി)** പ്രസ്തുത പ്രദേശത്ത് തുടർന്നും ജലജന്യരോഗങ്ങൾ വരാതിരിക്കുന്ന-തിനുള്ള നിയന്ത്രണ പരിപാടികൾ സ്ഥലം മെഡിക്കൽ ആഫീസറുടെ നേതൃത്വത്തിൽ ചിട്ടയായി നടത്തി വരുന്നു.

**സെക്ഷൻ ഓഫീസർ**